# 'അമേരിക്കയിലെ പവർകട്ട്' – ഇരുളിലൂടെ പഠിക്കേണ്ട പാഠങ്ങൾ

# ആഗസ്ത് 14, സെപ്റ്റംബർ 11

സി.ആർ. നീലകണ്ഠൻ നമ്പൂതിരി



2001 സെപ്തംബർ 11 എന്ന തിയ്യതി ലോകമൊരിക്കലും മറക്കാത്തവിധമുള്ള ഒന്നാക്കി മാറ്റാൻ അമേരിക്കൻ ഭരണകൂടത്തിനും അവരു വാലായ രാജ്യങ്ങൾക്കും മാധ്യമങ്ങൾക്കും കഴിഞ്ഞു. ലോകം മുഴുവനും അതു സ്വീകരിച്ചുവെന്നു പ്രചരിപ്പിക്കപ്പെട്ടു. ലോകം നേരിടുന്ന ഏറ്റവും വലിയപ്രശ്നം 'ഭീകരവാദ'മാണെന്നുസ്ഥാപിക്കാൻ കഴിഞ്ഞു. അതിനെ നേരിടാൻ ശേഷിയുള്ളവർ തങ്ങൾ മാത്രമാണെന്ന് അമേരിക്ക സ്വയം പ്രഖ്യാപിച്ചു. ആയിരക്കണക്കിനു മനുഷ്യരുടെ ജീവനും ലക്ഷക്കണക്കിനു മനുഷ്യരുടെ ജീവിതവും തകർക്കുന്ന ആക്രമണങ്ങൾ അവർ നടത്തി. ഇതെല്ലാം കഴിഞ്ഞിട്ടും ശരാശരി അമേരിക്കക്കാരന്റെ മനസ്സിലെ ഭീതി മാറിയില്ല. ഇറാക്കിൽ ഓരോ തിരിച്ചടി കിട്ടുമ്പോഴും അവരുടെ മനസ്സിൽ ഭീതി പടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ സെപ്തംബർ 11-ന്റെ എത്രായിരം മടങ്ങ് ഭീതിജനകമാണ് 2003 ആഗസ്റ്റ് 14-ന് വടക്കുകിഴക്കൻ അമേരിക്കയിലും കാനഡയിലുമുണ്ടായ വൈദ്യുതി തകർച്ചയെന്ന വസ്തുത ഒരുവിധത്തിലും പുറത്തുവരാതിരിക്കാനായിരുന്നു അമേരിക്ക ശ്രമിച്ചത്. ഭീകരാക്രമണം വളരെക്കുറച്ചുപേരെ മാത്രമേ നേരിട്ടുബാധിച്ചുള്ളുവെങ്കിലും മുഴുവൻ അമേരിക്കക്കാരെയും ഭീതിയിലാക്കി. എന്നാൽ ഈ വൈദ്യുതിത്തകരാറ് 5 കോടി മനുഷ്യരെ നേരിട്ടു തന്നെ ബാധിച്ചു. വൈകീട്ട് 4.11-നാണ് തുടക്കം. നിമിഷങ്ങൾക്കകം ന്യൂയോർക്ക്, മിച്ചിഗൺ, ഓഹിയോ, ന്യൂജഴ്സി, കണക്ടികട്ട്, പെൻസിൽവാനിയ, മസാച്ചുസെറ്റസ്, സെട്രോയിറ്റ് എന്നീ സംസ്ഥാനങ്ങളിലേക്കും തൊട്ടടുത്ത കാനഡയിലെ ടൊറാന്റോ, ഒട്ടാവ തുടങ്ങിയ മഹാനഗരങ്ങളിലേക്കും അതു വ്യാപിച്ചു. ഏതാണ്ട് 84,000 മൈൽ ദൂരം വരെ അതു ചെന്നു, വെറും 9 സെക്കന്റുകൾക്കകം. ഭൂഗർഭ-ഉപരിതലഗതാഗതം നിശ്ചലമായി. ട്രാഫിക് ലൈറ്റുകൾ അണഞ്ഞു. ലിഫ്റ്റുകൾ നിലച്ചു. പതിനായിരങ്ങൾ അപകടാവസ്ഥയിലായി. ആശുപത്രി, ജലവിതരണം, ശുചീകരണം, ശീതീകരണം തുടങ്ങിയവയെല്ലാം തകരാറിലായി. 1965-ലും 77-ലും 1996-ലും ഇതിനു മുമ്പ് ഇത്തരം വൈദ്യുതി തകരാറുകൾ ഉണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും ഇത്ര വ്യാപകമായിരുന്നില്ല. 1965 നവംബർ 9-ലെ തകരാറ് ഏതാണ്ടിതേപ്രദേശങ്ങളിൽ തന്നെയായിരുന്നു. അതിൽ രണ്ടര കോടിപേർക്ക് ബുദ്ധിമുട്ടുണ്ടായി. 77 ജൂലായ് 13-ന്റെ തകരാറ് ന്യൂയോർക്ക് പ്രദേശത്തായിരുന്നു. അത് 90-ലക്ഷം പേരെ ബാധിച്ചു. 1996 ജൂലായ് 3-ലെ തകരാറ് പടിഞ്ഞാറൻ യു.എസ്.-കാനഡ പ്രദേശത്തായിരുന്നു. അന്ന് ഒരുകോടിപേർക്ക് ബുദ്ധിമുട്ടുണ്ടായി.

തീർത്തും അവ്യക്തമായ ഒരു അനുഭവമായിരുന്നു ഇത്. വലിയൊരുവിഭാഗം ജനങ്ങളും വീടിനുപുറത്തായിരുന്നു. ഏതെങ്കിലും വിധത്തിൽ വീട്ടിലെത്തിപ്പെടാൻ എല്ലാവരും തത്രപ്പെട്ടു. പ്രതിദിനം 70 ലക്ഷം പേരെ ക്കൊണ്ടുപോകുന്ന ഭൂഗർഭറെയിൽവേ പിറ്റേന്നും പ്രവർത്തിച്ചില്ല. സെപ്തംബർ 11-ന്റെ ഭീതികൂടിയുള്ളതിനാൽ പലരും പരിഭ്രാന്തരായിരുന്നു. നമ്മുടെ നാട്ടിൽ വൈദ്യുതിക്കുള്ള പ്രാധാന്യമല്ല അവിടെ. യാത്രക്കുമാത്രമല്ല, അമ്പതും അറുപതും നിലകളുള്ള കെട്ടിടത്തിനുമുകളിലുള്ള വീട്ടിലെത്താനും (ഓഫീസിൽനിന്ന് താഴെ വരാനും) ലിഫ്റ്റ് വേണം. പടികൾ കയറി നടന്ന നഗരവാസികളുടെ ദുഃഖങ്ങൾ വിവരിക്കുന്ന രംഗങ്ങളാണ് ബിബിസിയും, സിഎൻബിസിയും മറ്റും കാണിച്ചുകൊണ്ടിരുന്നത്. ജീവിതത്തിൽ ഒരിക്കൽപോലും ആ കോണിപ്പടികൾ അവർ കണ്ടിട്ടുണ്ടാകില്ല. (താൻ താമസിക്കുന്ന നിലയുടെ തൊട്ടടുത്ത പടികൾപോലും കയറാത്തവരുണ്ടത്രേ!) തെരുവുകളിൽ യാത്രക്കാരില്ലാത്ത ഒരു വെള്ളിയാഴ്ചയായിരുന്നു അത്. എന്നാൽ പതിനായിരക്കണക്കിനു മനുഷ്യർ തെരുവിൽ കിടന്നുറങ്ങിയ ഒരു രാത്രികൂടിയായിരുന്നു അത്. ന്യൂയോർക്കിലെ പ്രസിദ്ധമായ 'ടൈംസ് ക്വയറി'ൽ പത്രങ്ങളും കാർഡ്ബോർഡും സ്യൂട്ട്കെയ്സും ഉടുതുണിയും താൽക്കാലിക കിടക്കകളാക്കി ഉറങ്ങിയപ്പോൾ അമേരിക്കകാരന്റെ 'സ്വകാര്യത' എന്ന സങ്കൽപം എവിടെപ്പോയി? വൈദ്യുതി എപ്പോൾ തിരിച്ചുവരുമെന്നറിയാതെ ക്ഷീണിതരായി അലയുന്ന നഗരവാസികൾ ഒരു 'പോസ്റ്റ് അപോക്കാലിപ്റ്റിക്ക്' ചിത്രത്തെ ഓർമ്മിപ്പിച്ചുവെന്ന് ടി.വി. ക്കാർ പറയുന്നു. കഴിയുന്നത്ര ആളുകൾ ശാന്തരായി സ്വന്തം വീടുകളിൽ തന്നെ ഇരിക്കാനാണ് ന്യൂയോർക്ക് മേയർ ഉപദേശിച്ചത്.

## നഷ്ടങ്ങൾ

അമേരിക്കൻ ബിസിനസ്സിനെ കാര്യമായി ബാധിച്ചില്ലെന്നാണ് അധികൃതർ പറയുന്നത് ന്യൂയോർക്ക് - നാസ്ഡാക്ക്

എക്സ്ചേഞ്ചുകൾ അടയ്ക്കാൻ അൽപം സമയം മാത്രമുള്ളപ്പോഴാണ് വ്യാഴാഴ്ച വൈദ്യുതി നിലച്ചത്. ട്രഷറി-ബാങ്കിങ് പ്രവർത്തനങ്ങളെയും ബാധിച്ചില്ല. പിറ്റേന്ന് ഇവ പ്രവർത്തിക്കാനാവശ്യമായ പിൻതാങ്ങൽ സംവിധാനമായി ജനറേറ്ററുകൾ ഉണ്ട്. അവിടെയൊക്കെ എ.സി. യും കംപ്യൂട്ടറും മുടങ്ങിയില്ല. പക്ഷേ ഈ 'നേട്ടം' പറയുമ്പോൾ ബിസിനസ്സ് എന്നതിന് വെറും ഓഹരിവ്യാപാരവും ബാങ്കിങ്ങും എന്ന അർത്ഥം മാത്രമേയുള്ളൂവെന്ന് വരുന്നു. എല്ലാ ഗതാഗതവും നിലച്ചു. ന്യൂയോർക്കിലെ മൂന്ന് വിമാനത്താവളങ്ങളും അടച്ചു. "ലോകത്തിലെ ഏറ്റവും തിരക്കുള്ളവയാണ്" ഈ വിമാനത്താവളങ്ങൾ. ഇവിടേക്ക് പറക്കേണ്ടിയിരുന്ന വിമാനങ്ങളും പലയിടത്തും നിറുത്തിയിട്ടു. ഉൽപ്പാദനപ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ചു. പ്രധാന വാഹന നിർമ്മാണ കമ്പനികളായ ജനറൽ മോട്ടോഴ്സ്, ഫോർഡ്, ഡെയിംലർ കിസ്‌ലർ എജി, ഹോണ്ട മുതലായവയുടെ എല്ലാ നിർമ്മാണശാലകളും നിർത്തി.



കടകളിൽ സൂക്ഷിച്ചിരുന്ന കോടിക്കണക്കിന് ഡോളറിന്റെ ഭക്ഷ്യവസ്തുക്കൾ നശിച്ചു. ഫ്രിഡ്ജുകൾ നിശ്ചലമായതിനാലാണിത്. പലർക്കും സ്വന്തം വീട്ടിനകത്തുപോലും ഇരിക്കാനായില്ല. നശിച്ച ഭക്ഷ്യവസ്തുക്കൾ തെരുവിൽ മാലിന്യക്കൂമ്പാരമായി. ന്യൂയോർക്കിൽ മാത്രം 24 മണിക്കൂർ കൊണ്ട് ഉണ്ടായ നഷ്ടം 75 കോടി ഡോളറാണ്. നികുതിയിൽ മാത്രം 4 കോടി ഡോളറിന്റെ കുറവുണ്ടായി. വേതനം, ഓവർ ടൈം മുതലായവയിലുണ്ടായ കുറവ് ഒന്നേകാൽ കോടി ഡോളറാണ്.

ഇരുണ്ട രാത്രിയിൽ നടന്ന കുറ്റകൃത്യങ്ങൾ നിരവധിയാണ്. ആഭരണങ്ങൾ മുതൽ കുഞ്ഞുടുപ്പുകൾ വരെ മോഷ്ടിക്കപ്പെട്ടു. വൈദ്യുതിയില്ലാതായപ്പോൾ ടെലഫോണും കൊള്ളക്കാരെ തടയാൻ സ്ഥാപിച്ചിരുന്ന വെർഗളർ അലാമുകളും മിണ്ടാതായി. 1977 നെ അപേക്ഷിച്ച് കുറ്റകൃത്യങ്ങൾ കുറവായിരുന്നുവെന്നതിനാൽ ന്യൂയോർക്ക് മേയർ ജനങ്ങളെ 'അഭിനന്ദിച്ചു' വെങ്കിലും ആയിരക്കണക്കിനു കടയുടമകൾക്ക് ഈ അഭിപ്രായമല്ല ഉള്ളത്. ഒരു ലക്ഷം ഡോളറിന്റെ നഷ്ടം കവർച്ചയിലൂടെ ഉണ്ടായ കച്ചവടക്കാർ വരെയുണ്ട്. പ്രത്യേക അടിയന്തരാവസ്ഥ നേരിടാൻ ഹെലികോപ്റ്ററിലും വൻകെട്ടിടങ്ങളുടെ മുകളിലും പോലീസ് റോന്തുകൾ സ്ഥാപിച്ചിരുന്നു. വൈദ്യുതി എപ്പോൾ തിരിച്ചുവരുമെന്നറിയാത്തതിനാൽ കളവു നടത്തുന്നവർ അലാം കമ്പികൾ മുറിച്ചിട്ടു. നിലാവെളിച്ചത്തിൽ തങ്ങളുടെ വീടിനു മുമ്പിലുള്ള കടയുടെ മേൽക്കൂര പൊളിച്ച് കള്ളന്മാർ അകത്തു കയറുന്നതുകണ്ട പല വീട്ടുകാർക്കും ഒന്നും ചെയ്യാനായില്ല. പത്തും ഇരുപതും നില മുകളിലാണവർ നിന്നിരുന്നത്. പലയിടത്തും ഫോൺ പ്രവർത്തിച്ചിരുന്നില്ല. ഫോൺ ബന്ധം ഉണ്ടായിരുന്ന ചിലർ അധികൃതരെ അറിയിച്ച് അവരെത്തിയപ്പോഴേക്കും പലരും രക്ഷപ്പെട്ടു. പിടികിട്ടിയവരെ കണ്ടപ്പോൾ നാട്ടുകാരും കടക്കാരും ഞെട്ടിപ്പോയി. ആ പ്രദേശത്തുതന്നെയുള്ളവരും ചിരപരിചിതരും ഇതേ സ്ഥാപനങ്ങളിൽ നിന്നും ഉൽപന്നങ്ങളും സേവനങ്ങളും നേടിയിരുന്നവരുമായിരുന്നു അത്. ഒമ്പതംഗങ്ങളുള്ള ഒരു സംഘത്തിൽ അഞ്ചു പുരുഷന്മാരും രണ്ടു സ്ത്രീകളും രണ്ട് കൗമാരപ്രായക്കാരായ ആൺകുട്ടികളുമാണുണ്ടായിരുന്നത്. പണം, സിഗററ്റ്, മെട്രോ കാർഡ്. പലവ്യഞ്ജനം, ഷൂസ്, ആഭരണങ്ങൾ, കളിപ്പാട്ടങ്ങൾ തുടങ്ങി കയ്യിൽകിട്ടിയതെന്തും അവരെടുത്തു കൊണ്ടുപോയി. കൊണ്ടുപോകാൻ കഴിയാത്തവ നശിപ്പിക്കപ്പെട്ടു. നമ്മുടെ നാട്ടിൽ നിന്നും അമേരിക്കയിലും മറ്റും പോയി വരുന്നവർ പറയുന്ന ഒരനുഭവമുണ്ട്. അവിടെ നിരത്തുകളിൽ ദിനപത്രം വച്ചിരിക്കും. ഓരോരുത്തരും പത്രമെടുത്ത് പണം അതിനായി വച്ചിരിക്കുന്ന പാത്രത്തിലിടും. എത്ര മര്യാദക്കാർ. നമ്മുടെ നാട്ടിലാണെങ്കിൽ ഇതു നടക്കുമോ? - അവർ ചോദിക്കും. എന്നാൽ നമ്മുടേതിന്റെ പല മടങ്ങ് ക്രിമിനൽവൽക്കരിക്കപ്പെട്ട മനസ്സാണ് അമേരിക്കക്കാരുടേതെന്ന് ഒട്ടേറെ അനുഭവങ്ങൾ കാണിച്ചു തന്നിട്ടുണ്ടെങ്കിലും ഇത് വളരെ പ്രത്യക്ഷമായ ഒന്നാണ്.

## എന്താണു സംഭവിച്ചത്?

ഇതു മനസ്സിലാക്കണമെങ്കിൽ അവിടെ നിലവിലുള്ള വൈദ്യുത ശൃംഖലയെപ്പറ്റി അറിയണം. നൂറുകണക്കിന് വൻകിട ചെറുകിട വൈദ്യുതി ഉൽപാദന കേന്ദ്രങ്ങളെ ഒരൊറ്റ പൊതുശൃംഖലയിലേക്ക് ബന്ധിപ്പിച്ചിരിക്കുന്നു. ഇതാണ് ഗ്രിഡ്. വളരെ ഉയർന്ന വോൾട്ടേജുകളിലാണ് ഈ ഗ്രിഡുകൾ. ഈ ഗ്രിഡുകളും അവയെ ഉപയോഗകേന്ദ്രങ്ങളായ സബ്സ്റ്റേഷനുകളും തമ്മിൽ ബന്ധിപ്പിക്കുന്ന ലൈനുകളും ചേർന്നാണ് പ്രസരണ വ്യൂഹം. സബ് സ്റ്റേഷനുകളിൽ നിന്നും വോൾട്ടേജ് താഴ്ത്തി വിതരണ മേഖലകളിലേക്കു നൽകുന്നു. ഓരോ ഉപഭോക്താവും ഓരോ ഉൽപാദകരും ഈ ശൃംഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. മറ്റ് ഉൽപന്നങ്ങളുമായി ഒരു പ്രധാന വ്യത്യാസമുണ്ട് വൈദ്യുതിക്ക്. ഉൽപാദനവും ഉപഭോഗവും ഒരേ സമയം നടക്കുകയാണിവിടെ. ഒരു സെക്കന്റിൽ മൂന്നു ലക്ഷത്തോളം കിലോമീറ്ററാണ് വൈദ്യുതിയുടെ വേഗതയെന്നതുകൊണ്ടാണിത്. ഓരോ ഉപഭോക്താവിന്റേയും ആവശ്യം (ഡിമാന്റ്) കൂടുന്നതും കുറയുന്നതുമനുസരിച്ച് ഉൽപാദനത്തിൽ തത്സമയം വ്യത്യാസം വരണം. ഉൽപാദന-ഉപഭോഗങ്ങളിലെ വ്യത്യാസം ഒരു ചെറിയ അളവിൽ കൂടിയാൽ സംവിധാനമാകെ തകരാറിലാകും. ഇതിന് സെക്കന്റുകൾ പോലും വേണ്ട. ഉപഭോഗം പെട്ടെന്നു കൂടിയാൽ അതിനനുസരിച്ച് ഏതെങ്കിലും നിലയം ഉൽപാദനം കൂട്ടിയില്ലെങ്കിൽ ഗ്രിഡിലെ വൈദ്യുതിയുടെ വോൾട്ടേജും ആവർത്തി (ഫ്രീക്വൻസി) യും കുറയും. ഇന്ത്യയിൽ ഫ്രീക്വൻസി 50 ആവർത്തി (സെക്കന്റിൽ) ആണെങ്കിൽ അമേരിക്കയിലും, കാനഡയിലും 60 ആവർത്തിയാണെന്നു മാത്രം.

ഈ ഫ്രീക്വൻസി രണ്ടു ശതമാനത്തിലധികം കൂടുകയോ കുറയുകയോ ചെയ്താൽ യന്ത്രങ്ങളുടെ പ്രവർത്തനം (പ്രത്യേകിച്ചും വൈദ്യുത മോട്ടോറുകളുടെയും മറ്റും) തകരാറിലാകും. ഇതൊക്കെ ഒഴിവാക്കണം. ഒരു നിലക്കും ഉൽപാദനം കൂട്ടാനാവില്ലെന്ന അവസ്ഥ വന്നാൽ ചില ഉപഭോക്താക്കളെ ഒഴിവാക്കും. ഇതുപോലെത്തന്നെ ഏതെങ്കിലും ഉൽപാദന നിലയം പെട്ടന്നു തകരാറിലായാലും ഇതൊക്കെ സംഭവിക്കാം. പകരം ഉൽപാദനം വേഗത്തിൽ കൊണ്ടുവരാൻ കഴിയുന്ന വിധം 'റിസർവ്വു ശേഷി' എല്ലായിടത്തും കരുതാറുണ്ട്.

വൈദ്യുതി പരിഷ്ക്കാരങ്ങളുടെ ഭാഗമായി ഉൽപാദനപ്രസരണ-വിതരണ സ്ഥാപനങ്ങളെ വേർപെടുത്തി (അൺബണ്ട്ലിങ്ങ് എന്നു പറയും) അവയോരോന്നും വ്യത്യസ്ത സ്വകാര്യസ്ഥാപനങ്ങൾക്കു നൽകുന്നു. (കേരളത്തിലും ഇതിനായുള്ള നിയമം പാസായി. ആന്ധ്ര, ഹരിയാന, ദില്ലി, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇങ്ങനെ ചെയ്തു കഴിഞ്ഞു. ഇതാണ് ഇന്നത്തെ പരിഷ്ക്കാരം.) ഇവയോരോന്നും തങ്ങളുടേതായ താൽപര്യത്തിനും ലാഭത്തിനും വേണ്ടിയാകുമല്ലോ പ്രവർത്തിക്കുക. കേന്ദ്ര നിയന്ത്രണ സംവിധാനം ആവശ്യപ്പെടുന്നതനുസരിച്ച് തങ്ങളുടെ ഉൽപാദനമാരംഭിക്കാവുന്ന വിധമുള്ള 'റിസർവ്വ് ശേഷി' യായി നിൽക്കാൻ സ്വകാര്യ നിലയങ്ങൾ തയ്യാറാകില്ല. ഓരോ ഉൽപാദകനും നിശ്ചയിച്ചിരിക്കുന്ന വൈദ്യുതി വിലയും വ്യത്യസ്തമായിരിക്കും. താപ-ജല-ആണവ നിലയങ്ങൾ തമ്മിൽത്തന്നെ ഊർജവിലയിൽ വ്യത്യാസമുണ്ടുതാനും. ഈ സങ്കീർണ്ണതകൾ ബില്ലിങ്ങിൽ മാത്രമല്ല അനുനിമിഷ (തത്സമയ) പ്രവർത്തനങ്ങളെയും ബാധിക്കുന്നു. ഈ മൂന്നു സംവിധാനങ്ങളും ഒരൊറ്റ ഏജൻസിയുടെ കീഴിലായിരിക്കണമെന്ന് പറയുന്നത്, വെറും 'സർക്കാർ മുതലാളിത്തത്തിന്റെ രാഷ്ട്രീയ സാമ്പത്തികവാദമല്ല, മറിച്ച് സാങ്കേതികമായ ആവശ്യകതയാണ്. കുപ്രസിദ്ധമായ കാലിഫോർണിയൻ പ്രതിസന്ധിയുടെ അടിവേര്, 'വൈദ്യുതിയുടെ സ്വതന്ത്രമത്സരാധിഷ്ഠിത കമ്പോളവൽക്കരണമാണ്' എന്നു പറഞ്ഞവരിൽ കാലിഫോർണിയൻ ഗവർണർ ഗ്രേ ഡേവിസ് ആണ്. (വരുന്ന തെരഞ്ഞെടുപ്പിൽ ഗ്രേ ഡേവീസിനെ ഗവർണർ സ്ഥാനാർത്ഥികളുടെ പട്ടികയിൽപ്പോലും പെടുത്തിയില്ലെന്നതിന്റെ കാരണം മറ്റൊന്നുമല്ല!) ഇപ്പോഴത്തെ പ്രതിസന്ധിയുടെ പിന്നിലും ഇത്തരം ചില ചീത്ത കാരണങ്ങളുണ്ടെന്ന് കരുതാൻ ന്യായങ്ങളുണ്ട്. ഈ ശൃംഖലയുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിയന്ത്രിക്കാൻ ശക്തമായ കമ്പ്യൂട്ടർ സംവിധാനങ്ങളുണ്ട് എന്നതൊന്നും കാര്യമായില്ല. ഇത്തവണ ഏതോ ഒരു ഉപഭോക്താവിന്റെ ആവശ്യം വർദ്ധിച്ചതനുസരിച്ച് ഉൽപാദനം ഉയർത്താൻ വേണ്ട റിസർവ്വ് ശേഷി ഉണ്ടായിരുന്നില്ല എന്നതാവാം കാരണം.



ഇരുട്ടിലായ ന്യൂയോർക്കിലെ ജനങ്ങൾ സർക്കാർ കെട്ടിടത്തിന്റെ നടക്കല്ലിൽ കിടന്നുറങ്ങുന്നു.

## ബുഷിന്റെ ഊർജ നയം

സെപ്തംബർ 11 ലെ ആക്രമണത്തിന്റെ പിന്നിലെ ശക്തികളെപ്പറ്റി (ഇപ്പോഴും വ്യക്തമായ ധാരണയില്ലെങ്കിലും) വളരെപ്പെട്ടന്നു തന്നെ കണ്ടെത്തി പ്രഖ്യാപിക്കാൻ ബുഷ് ഭരണകൂടത്തിനു കഴിഞ്ഞില്ലെങ്കിലും ഏറെ ശക്തമായ കമ്പ്യൂട്ടർ സംവിധാനമുണ്ടായിട്ടും ഈ വൈദ്യുതി തകർച്ചയുടെ കാരണം കണ്ടെത്താനായിട്ടില്ല. സെക്കന്റിന്റെ ഒരംശം സൂക്ഷ്മതയോടെ സംഭവങ്ങളുടെ പൂർവ്വാപരക്രമങ്ങൾ കണ്ടെത്താൻ കഴിവുള്ള കമ്പ്യൂട്ടർ സംവിധാനമാണ് പ്രസരണ വിതരണ ശൃംഖലകൾക്കുള്ളതെന്നോർക്കുക. പക്ഷെ ഒരു കാര്യം ഭരണകൂടം വ്യക്തമായി പറഞ്ഞു "ഇത് ഭീകരപ്രവർത്തന മൂലമല്ല" എന്ന്. പുറത്തു വന്ന ചില അഭ്യൂഹങ്ങളിൽ കമ്പ്യൂട്ടർ വൈറസ്, ഇടിമിന്നൽ മുതലായവയും പെടും. അമേരിക്കയോ കാനഡയോ കുറ്റക്കാർ എന്ന തർക്കവും നടക്കുന്നുണ്ട്.

എന്നാൽ അമേരിക്കകത്തു നടക്കുന്ന ഭരണ-പ്രതിപക്ഷ തർക്കങ്ങളാണ് ഏറ്റവും ശ്രദ്ധേയം. ക്ലിന്റൺ ഭരണകൂടം തയ്യാറാക്കി ഊർജനയവും അതിലൂടെ ഗ്രിഡ് നവീകരണവും നടപ്പിലാക്കുന്നതിന് കോൺഗ്രസ്സിൽ ഭൂരിപക്ഷമുണ്ടായിരുന്ന റിപ്പബ്ലിക്കന്മാർ സമ്മതിക്കാതിരുന്നതാണ് പ്രശ്നമെന്ന് ഡെമോക്രാറ്റുകൾ പറയുന്നു. എന്നാൽ താൻ തയ്യാറാക്കിയ ഉർജനയം നടപ്പിലാക്കുന്നതിന് ഡമോക്രാറ്റുകളും പരിസ്ഥിതി പ്രവർത്തകരും തടസ്സം നിന്നതാണ് പ്രശ്നമെന്ന് ബുഷ് പറയുന്നു. (പരിസ്ഥിതിവാദികളാണ് വൈദ്യുതി പ്രതിസന്ധിക്കു കാരണമെന്ന് പറയുന്ന നമ്മുടെ നാട്ടിലെ രാഷ്ട്രീയ നേതാക്കളുടെ ഗുരു ബുഷാണെന്നു തോന്നുന്നു).

തെരഞ്ഞെടുപ്പിനു നിൽക്കുമ്പോൾ തന്നെ ബുഷ് തന്റെ ഊർജ നയം പ്രഖ്യാപിച്ചിരുന്നു. ഊർജ്ജം എക്കാലത്തും ബുഷിനിഷ്ടപ്പെട്ട വിഷയമായിരുന്നുവെന്നതാണു സത്യം. രാഷ്ട്രീയത്തിലെത്തുന്നതിനുമുമ്പ് അദ്ദേഹം ഉർജക്കമ്പനികളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നു. 1976 ൽ ആർബുസ്റ്റോ (ബുഷ് എന്നർത്ഥം) എനർജി ഇൻക് എന്ന കമ്പനി സ്ഥാപിച്ചുകൊണ്ടാണ് രംഗപ്രവേശം. 82 ൽ ഈ കമ്പനി തകർന്നു. പിന്നീട് ഒട്ടേറെ തട്ടിപ്പുക്കമ്പനികൾ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലുണ്ടായി. തട്ടിപ്പുകാരുടെ ആസ്ഥാ

നമെന്നാണ് അദ്ദേഹത്തിന്റെ കമ്പനി അറിയപ്പെട്ടിരുന്നത്. ഊർജ ഭീമന്മാരുമായി അദ്ദേഹത്തിനുള്ള ബന്ധം ഇപ്പോഴും തുടരുന്നു. സ്വന്തം വൈസ് പ്രസിഡന്റായി ബുഷ് നിയമിച്ച ഡിക്ചെനി എണ്ണ ഭീമനായ ഹാലിബർട്ടന്റെ തലവൻ (സി.ഇ.ഒ.) ആയിരുന്നു. ബുഷിന്റെ സുരക്ഷാ ഉപദേഷ്ടാവായ കോണ്ടലോസ റൈസ്, ഷവറോൺ എന്ന ഊർജ ബഹുരാഷ്ട്ര കമ്പനിയുടെ ഡയറക്ടറായിരുന്നു, സ്ഥാനമേൽക്കുന്നതുവരെ. പരിസ്ഥിതി-മനുഷ്യാവകാശ സംഘടനകളെയെല്ലാം ശത്രുക്കളായി കരുതുന്ന വ്യക്തിയാണ് റൈസ്. ഊർജ സെക്രട്ടറിയായ സ്പെൻസർ അബ്രഹാം ഓട്ടോ മോബൈൽ വ്യവസായത്തിലെ പ്രധാന പങ്കാളിയാണ് ടോംബ്രൗൺ എന്ന ബഹുരാഷ്ട്ര കമ്പനിയുടെ തലവനായിരുന്നു വ്യാപാരസെക്രട്ടറിയായ ഡൊണാൾഡ് ഇവാൻസ്. എൻറോണിന്റെ ഉപദേഷ്ടാവായിരുന്ന ലോറൻസ് സിൻസെയാണിപ്പോൾ ബുഷിന്റെ രാഷ്ട്രീയ ഉപദേഷ്ടാവ്. എന്റോൺ, ടെക്സാക്കോ എന്നീ കമ്പനികളിലെ വലിയൊരു ഭാം ഓഹരിയുടമയായ ലൂയിസ് ലിബിയാണ് വൈസ് പ്രസിഡന്റിന്റെ ഉപദേഷ്ടാവ്. ഈ പട്ടിക വളരെ നീണ്ടതാണ്. എൻറോൺ അടക്കമുള്ള എണ്ണ-പ്രകൃതിവാതക-ഊർജകമ്പനികളുടെ ഉദാരമായ സംഭാവനകളിലൂടെ ലഭിച്ച പണമാണ് ബുഷിന്റെ തെരഞ്ഞെടുപ്പു പ്രചരണത്തിനായി ചിലവാക്കിയത്.

ഇതിന് പ്രത്യുപകാരമായിട്ടാണ് ബുഷ് അധികാരമേറ്റയുടനെ സ്വന്തം ഊർജനയം രൂപപ്പെടുത്തിയത്. തെരഞ്ഞെടുപ്പുകാലത്ത് 2000 സെപ്തംബറിൽ മിച്ചിഗണിലെ ഒരു പ്രചരണ യോഗത്തിൽതന്നെ ഇതിന്റെ കരട് രൂപം അദ്ദേഹം പ്രഖ്യാപിച്ചു. ആഭ്യന്തര എണ്ണ ഉൽപാദനം വർദ്ധിപ്പിക്കുക, എണ്ണ ഉൽപ്പാദക രാജ്യങ്ങളുമായി നല്ല ബന്ധമുണ്ടാക്കുക (ഇറാക്കിൽ ഇതാണ് ചെയ്തത്), വടക്കൻ അലാസ്കയിൽ ഉത്തരധ്രുവത്തിലെ (അർക്ടിക്) വന്യമൃഗ സംരക്ഷണകേന്ദ്രത്തിൽ 1.9 കോടി ഏക്കർ സ്ഥലത്ത് എണ്ണ പര്യവേഷണം നടത്തുക മുതലായവയാണ് അതിൽ പ്രധാനം. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഇതിൽ പരിപാടിയുണ്ട്. എ.എൽ. ഡബ്ലിയു.ആർ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന (ആർക്ടിക് നാഷണൽ വൈൽഡ് ലൈഫ് റെഫ്യൂജി) പ്രദേശത്തെ എണ്ണ പര്യവേഷണ ശ്രമമാണ് പരിസ്ഥിതി പ്രവർത്തകരുടെ വിമർശനത്തിന് ഏറ്റവുമധികം വിധേയമായത്. അമേരിക്കയോടൊപ്പം നിൽക്കാത്ത രാജ്യങ്ങളിൽ നിന്നും വരുന്ന എണ്ണ ബാരലുകൾക്കായി കാത്തുനിൽക്കുന്നതിനേക്കാൾ ദേശീയ സുരക്ഷക്ക് പ്രാധാന്യമുള്ള ഒരു പ്രധാന നടപടിയെന്ന നിലയിലാണ് ഈ പര്യവേഷണ പരിപാടി അദ്ദേഹം അവതരിപ്പിച്ചത്. വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി രണ്ടു പതിറ്റാണ്ടിനകം 1300 നും 1900 നും ഇടയ്ക്ക് പുതിയ വൈദ്യുതി ഉൽപ്പാദന നിലയങ്ങൾ സ്ഥാപിക്കും. ഇതിൽ വലിയൊരു പങ്ക് ആണവനിലയങ്ങളായിരിക്കും. 1978




ത്രീമൈൽ ഐലന്റ് ആണവ നിലയത്തിലെ അപകടത്തിനു ശേഷം പുതിയൊരു നിലയവും അമേരിക്ക നിർമ്മിച്ചിട്ടില്ല. ആ അപകടത്തിന്റെ നഷ്ടം 100 കോടി ഡോളറായിരുന്നു. ഇപ്പോൾതന്നെ 103 ആണവ നിലയങ്ങൾ അമേരിക്കയിൽ പ്രവർത്തിക്കുന്നുണ്ട്. അവയുടെ മാലിന്യങ്ങൾ എങ്ങനെ നിക്ഷേപിക്കണമെന്നറിയാതെ കുഴങ്ങുന്നതിനിടയിലാണ് ഈ പ്രഖ്യാപനം. ബാക്കി ഊർജം ഭൂഗർഭ ഇന്ധനങ്ങൾ-കൽക്കരി, എണ്ണ, പ്രകൃതിവാതകം മുതലായവ-കത്തിച്ചുണ്ടാക്കുകയാണ് ലക്ഷ്യം. ലോകമാകെ കാലാവസ്ഥാ വ്യതിയാനമുണ്ടാക്കുന്നത് ഇത്തരം ഇന്ധനങ്ങൾ കത്തിക്കുന്നതിനാലാണെന്നും അവയുടെ അളവ് കുറക്കണമെന്നുമുള്ള ക്യോട്ടോ പ്രഖ്യാപനത്തിന് പുല്ലുവില കൽപ്പിക്കില്ലെന്ന അമേരിക്കൻ നിലപാടിന്റെ ആവർത്തനമാണിത്.

ബുഷ് പ്രസിഡന്റ് പദവി ഏറ്റെടുക്കുമ്പോൾ കാലിഫോർണിയയിലെ പ്രതിസന്ധി മൂർദ്ധന്യത്തിലായിരുന്നു. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് ഇത് പരിഹരിക്കുമെന്നും നിലവിലുള്ള പ്രസരണ ഗ്രിഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുമെന്നും അദ്ദേഹത്തിന് പ്രഖ്യാപിക്കേണ്ടി വന്നു. ഇത്തരത്തിലുള്ള ഒരു ഊർജ് ആസൂത്രണ പദ്ധതി തയ്യാറാക്കുന്നതിന് (കാലിഫോർണിയയിലെ രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനും മറ്റുമായി) വൈസ് പ്രസിഡന്റ് ഡിക്ചെനി അദ്ധ്യക്ഷനായി ഒരു കർമ്മസമിതി രൂപീകരിച്ചു. നാല് മാസം കൊണ്ട് അദ്ദേഹം റിപ്പോർട്ട് തയ്യാറാക്കി 2001 മെയ് 18 ന് ബുഷ് അതു പുറത്തുവിട്ടു. എണ്ണ-പ്രകൃതിവാതക-വൈദ്യുതി വ്യവസായികളുടെ സ്വപ്നസാക്ഷാത്കാരമാണീ റിപ്പോർട്ടെന്നറിയപ്പെടുന്നത്. തന്റെ തെരഞ്ഞെടുപ്പു വാഗ്ദാനം പാലിച്ചുകൊണ്ടുള്ള ഈ റിപ്പോർട്ട് ഏറെ വിമർശന വിധേയമായി. അതിന്റെ ഏഴാം അധ്യായത്തിൽ ദേശീയ ഗ്രിഡിന്റെ നവീകരണ പരിപാടിയും ഉൾപ്പെട്ടിരുന്നുവെങ്കിലും അതിനായിരുന്നില്ല ഊന്നൽ. മറിച്ച് എണ്ണ ഖനനവും പുതിയ ആണവ-ഭൂഗർഭ ഇന്ധന നിലയങ്ങളും നിർമ്മിക്കലാണ് പ്രധാനം. കർമ്മസമിതിയുടെ പ്രവർത്തന രീതികളെപ്പറ്റിത്തന്നെ ഏറെ വിമർശനം ഉയർന്നു. വ്യവസായികളുടെ ഇടപെടൽ അത്ര ശക്തമായിരുന്നു. എൻറോണിന്റെ ചെയർമാനായിരുന്ന കെന്നത്ത് ലെ ആയിരുന്നു ഉപദേഷ്ടാക്കളിൽ പ്രധാനി. പരിസ്ഥിതി, മനുഷ്യാവകാശം തുടങ്ങിയ രംഗങ്ങളിലെ ആരുമായും കാര്യമായ ചർച്ചകൾ നടത്തിയില്ല. ഈ രീതിയും റിപ്പോർട്ടിന്റെ ഉള്ളടക്കവും അപകടകരമാണെന്ന് ഡെമൊക്രാറ്റുകളും പരിസ്ഥിതി പ്രവർത്തകരും പറഞ്ഞതിനെ രാഷ്ട്രീയപ്രേരിതമായ വിമർശനം എന്നുപറഞ്ഞ് തള്ളിക്കളയാനാണ് ഭരണകൂടം ഒരുങ്ങിയത്.

2001 സെപ്റ്റംബർ 11 ന്റെ ആക്രമണമുണ്ടായതോടെ ഭരണപ്രതിപക്ഷങ്ങളുടെ മുൻഗണനകൾ മാറി. എല്ലാവരും ഭീകര

വാദവിരുദ്ധപ്രവർത്തനത്തിൽ മുഴുകി. 2002 ആദ്യത്തിൽ എൻറോൺ തകർന്നതോടെ ഈ നയത്തിനെതിരായ വിമർശനം ശക്തിപ്പെട്ടു. കാലിഫോർണിയൻ പ്രതിസന്ധിക്കു കാരണം എൻറോണിന്റെ ലാഭക്കൊതി മൂത്ത കളികളായിരുന്നുവെന്ന് എല്ലാവർക്കും ബോധ്യമായി.

ഏറെ എതിർപ്പുകൾ സഹിച്ചും ഊർജ നയത്തിലെ 105 നിർദ്ദേശങ്ങളിൽ തൊണ്ണൂറും നടപ്പിലാക്കിയെന്ന് ഉദ്യോഗസ്ഥർ പറയുന്നു. പ്രസരണ ഗ്രിഡ് മെച്ചപ്പെടുത്തലും ഇതിൽപെടും. ഈ പ്രവർത്തനം അവസാന ഘട്ടത്തിലാണെന്നു പറയുന്നുണ്ടെങ്കിലും അതാർക്കും വിശ്വാസ്യമാകുന്നില്ല, വിശേഷിച്ചും ഇപ്പോഴത്തെ തകർച്ചയുടെ അനുഭവത്തിൽ. ഊർജ നയം 'പൂർണ്ണമായി' നടപ്പാക്കാൻ ഈ തകർച്ച സഹായിക്കുമെന്ന് കരുതുന്നവരും ബുഷിന്റെ കൂടെയുണ്ട്. ഈ അവസരം മുതലെടുത്ത് അർക്ടിക്കിലെ എണ്ണ ഖനനത്തിനും പുതിയ ആണവ നിലയങ്ങൾക്കും അംഗീകാരം നേടാമെന്ന ഗൂഢലക്ഷ്യമാണവർക്കുള്ളത്. (ഇതും നമുക്കപരിചിതമല്ല. ഏതു വൈദ്യുതി പ്രതിസന്ധി വന്നാലും ഉടനെ സൈലന്റ് വാലി, അതിരപ്പിള്ളി, പൂയ്യംക്കുട്ടി തുടങ്ങിയ ജലവൈദ്യുതി നിലയങ്ങളുടെയും ആണവനിലയത്തിന്റെയും പ്രശ്നം ഇവിടെയും ചിലർ ഉയർത്താറുണ്ടല്ലോ.) പ്രസരണ സംവിധാനം മെച്ചപ്പെടുത്തുന്നതിൽ അവിടത്തെ ഭരണകൂടത്തിനും വലിയ താൽപര്യമില്ല. ഇതാണ് ഇപ്പോഴത്തെ വൈദ്യുതി തകർച്ചയുടെ യഥാർത്ഥ വശം.

### അന്ധവിശ്വാസികൾ

യക്ഷി, പ്രേതം, കുട്ടിച്ചാത്തൻ, മാടൻ തുടങ്ങിയവയിൽ വിശ്വസിക്കുന്നവരാണ് അന്ധവിശ്വാസികൾ എന്നാണ് നാം പറയാറുള്ളത്. എന്നാൽ ഏറ്റവും വലിയ അന്ധവിശ്വാസികൾ, സാങ്കേതികവിദ്യയിൽ (അന്ധമായി) വിശ്വസിക്കുന്നവരാണ് എന്നതാണ് സത്യം. (ഇടമറുക് സമ്മതിക്കില്ലെങ്കിലും.) ജുറാസിക് പാർക്ക് എന്ന സിനിമ നാം കണ്ടിട്ടില്ലേ? ഏറെ സംവിധാനങ്ങളോടെ നിയന്ത്രിക്കപ്പെട്ട അവസ്ഥയിൽ വളർത്തുന്ന ദിനോസറുകൾ, എല്ലാവിധ ശാസ്ത്രയുക്തികളെയും ലംഘിക്കുന്ന കാഴ്ച-ആൺ ജീവികളെ മാത്രം പാർപ്പിച്ചിടത്ത് അവയിൽ ചിലവ പെണ്ണായി മാറി ഇണചേർന്ന് മുട്ടയിടുന്നതും മറ്റും-ആ ചിത്രത്തിലുണ്ട്. ഒരു കമ്പ്യൂട്ടർ മാതൃകകളിലും കാണാൻ കഴിയാതിരുന്ന ഒരു ചെറിയ തകരാർ-വൈദ്യുതി ഇല്ലാതാകൽ-വഴിയാണ് ആ പാർക്ക് തകരുന്നത്.

ഇത് തന്നെയാണ് അമേരിക്കയിൽ നടന്നത്. വൈദ്യുതിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഒരു സമൂഹമാണത്. വളരെ വർഷങ്ങൾക്കു മുമ്പ് എന്നോ ഉണ്ടായ ഒരു ബ്ലാക്ക് ഔട്ട് (വൈദ്യുതി പോകൽ) മാത്രമാണ് അവരുടെ അറിവ്. (കാലിഫോർണിയക്കാർ മാത്രമാണ് ഇതിനപവാദം.) ഏത് പ്രശ്നത്തിനും സാങ്കേതിക വിദ്യകൊണ്ട് പരിഹാരം തേടാമെന്നവർ വിശ്വസിച്ചു, അന്ധമായിത്തന്നെ. അതിനനുസരിച്ച് ജീവിച്ചു. ഇതിനുവേണ്ടി എത്ര ഇന്ധനം കത്തിക്കുന്നതും അണക്കെട്ടുണ്ടാക്കുന്നതും ആണവ മാലിന്യങ്ങൾ സൃഷ്ടിക്കുന്നതും മറ്റു രാജ്യങ്ങളെ ആക്രമിക്കുന്നതു പോലും അവിടെ ന്യായീകരിക്കപ്പെട്ടു. 'അമേരിക്കൻ ജീവിതരീതിക്ക് വെല്ലുവിളി' ആയതിനാലാണ് സദ്ദാംഹുസൈനെ പുറത്താക്കിയതെന്നു പറയുന്നത് ഈ അർത്ഥത്തിൽ വായിക്കണം. ഇത്തരമൊരു ജീവിതം എത്രകാലം സാധിക്കുമെന്നവർ ആലോചിച്ചില്ല. ഇന്ധന ശേഖരങ്ങൾ തീരുന്നതോ കാലാവസ്ഥ വ്യതിയാനം, ആഗോള താപനം മുതലായവയുണ്ടാകുന്നതോ അവരെ ആശങ്കപ്പെടുത്തിയില്ല.

ഏറ്റവും വികസിതമെന്ന് അഭിമാനിക്കുന്ന ഫ്രാൻസിൽ ഈ ഒരു മാസക്കാലത്തിനിടയിൽ ഉഷ്ണ തരംഗം മൂലം കൊല്ലപ്പെട്ടവരുടെ എണ്ണം 10000 കവിഞ്ഞിരിക്കുന്നു. 'വൃദ്ധരെ തെരുവിലെറിയുന്ന സാമൂഹ്യ ഘടനയാണ് പ്രശ്നം' എന്ന് ഫ്രഞ്ച് പ്രസിഡന്റ് പറയുമ്പോൾ (വൃദ്ധരാണ് മരിച്ചവരിൽ ബഹുഭൂരിപക്ഷവും) ആ വാക്ക് ചെന്നുകൊള്ളുന്നത് ബുഷ് അഭിമാനത്തോടെ പറയുന്ന 'അമേരിക്കൻ ജീവിതരീതി' ക്കു കൂടിയാണ്. ഇത്തരം ഒരു പ്രതിസന്ധിയെ അതിജീവിക്കുന്നത്, ഉന്നത സാങ്കേതിക വിദ്യ കൈവശമുള്ളവരല്ല മറിച്ച് അതിനെ ആശ്രയിക്കാതെ ജീവിക്കുന്നവരാണ്. മൂന്നാം ലോകത്തിലെ നമ്മളാണ്, ഒരു പക്ഷേ അമേരിക്കക്കാരാകാൻ ശ്രമിക്കാത്ത നമ്മുടെ ആദിവാസികളാകാം.

യാന്ത്രികമായ മനസ്സുള്ള നമുക്ക് പലപ്പോഴും സത്യം കാണാൻ കഴിയാറില്ല. സെപ്റ്റംബർ 11 നേക്കാൾ അമേരിക്ക ഭയപ്പെടേണ്ടത് ആഗസ്റ്റ് 14 നെയാണ്. അതിനെ സാങ്കേതിക വിദ്യയിലൂടെ സെപ്റ്റംബർ 11 നും അതാണുണ്ടായത്. പരിഹാരം കാണാൻ ശ്രമിക്കുന്നത് അബദ്ധമാണെന്ന കാര്യം ബുഷ് അറിയില്ല, അമേരിക്കക്കാരൻ അറിയില്ല. തങ്ങളുടെ ഊർജാവശ്യം കുറച്ചുകൊണ്ട് ഗ്രിഡ് പ്രതിസന്ധി പരിഹരിക്കുകയാണ് വേണ്ടതെന്നും അതുവഴി വരാനിരിക്കുന്ന അനേകം തലമുറകൾക്ക് ഇവിടെ ജീവിക്കാനാകുമെന്നും തിരിച്ചറിയാനാവാത്തതാണ് യഥാർത്ഥ ആപത്ത്. ഇതാണ് അമേരിക്കൻ വൈദ്യുതി ദുരന്തത്തിന്റെ സന്ദേശം. ●


**പാഠഭേദം**

ഒരുവർഷത്തേക്ക് നൂറുരൂപ

പാഠഭേദം, C/o. എലമെന്റ്സ്, കസ്റ്റംസ് റോഡ്, കോഴിക്കോട്-32.



*ആശംസകളോടെ*

സേവനത്തിന്റെ പാതയിൽ

**നീതി മെഡിക്കൽ സ്റ്റോർ**

മെഡിക്കൽ കോളേജ്, മുളങ്കുന്നത്തുകാവ്

**പെരിങ്ങണ്ടൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം R. നമ്പർ : 297**

പ്രസിഡണ്ട്
അനൂപ് കിഷോർ

സെക്രട്ടറി - ഇൻ-ചാർജ്
സി.ബി. രുഗ്മിണി